## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2986 21.08.2017 ൽ മറുപടിയ്ക്ക്

### റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. ജോർജ് എം. തോമസ് | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും റബ്ബറിന് ന്യായവില ലഭ്യമാക്കുന്നതിനും സർക്കാർ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി റബ്ബറിന് കിലോയ്ക്ക് 150 രൂപ താങ്ങുവില ലഭ്യമാകുന്ന വിധത്തിൽ റബ്ബർ ബോർഡിന്റെ സഹകരണത്തോടുകൂടി സംസ്ഥാനത്ത് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ മൂന്നാം ഘട്ടം 2017 ജൂലൈയിൽ തുടങ്ങി 2018 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നടപ്പിലാക്കി വരികയാണ്. കർഷകരുടെ ബില്ലുകൾ റബ്ബർ ബോർഡ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതനുസരിച്ച് രണ്ടാഴ്ചയിലൊരിക്കൽ സബ്സിഡി തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്. |

(.....2)

| | |
|---|---|
| (ബി) ഈ മേഖലയിൽ റബ്ബർബോർഡിന്റെ പ്രവർത്തനങ്ങൾ എത്രമാത്രം കാര്യക്ഷമമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) ഇല്ല. റബ്ബർ ബോർഡ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതനുസരിച്ച് രണ്ടാഴ്ചയിലൊരിക്കൽ സബ്സിഡി കാര്യക്ഷമമായി വിതരണം ചെയ്തുവരുന്നു. |
| (സി) കർഷകർക്ക് മെച്ചപ്പെട്ട കൃഷി രീതികൾ പരിചയപ്പെടുത്തുന്നതിന് പ്രധാനമന്ത്രി കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി പരിശീലനം നൽകാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;<br>(ഡി) എങ്കിൽ ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) യും (ഡി) യും രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ കർഷകർക്കുള്ള പരിശീലന പരിപാടികൾ ഉൾപ്പെടുത്തിയിട്ടില്ല. പരിശീലന പരിപാടികൾ കേന്ദ്ര പദ്ധതിയായ 'ആത്മ' മുഖേനയാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ